T61
A13

# രണ്ടു ഖണ്ഡകൃതികൾ

(ടിപ്പണസഹിതം)

എൻ. കുമാരൻ ആശാൻ

ശാരദാ ബുക്കഡിപ്പോ.

18-ാം പ[illegible] കാപ്പി 5000.

വില ണ. 6.

ഉടമസ്ഥരുടെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

DEFINITORY T. O. C. D. No. 4074 LIBRARY.
NATIONAL BOOK STALL KOTTAYAM KALARIKKAL BAZAAR CANCELLED
DHARMARAM COLLEGE LIBRARY, BANGALORE. 4204
T61 A13

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

1126.

# മുഖവുര

ഈ പുസ്തകത്തിൽ അടങ്ങിയ രണ്ടു ചെറിയ കൃതികളിൽ "വീണപൂവു്" 1083 വൃശ്ചികത്തിൽ സംഗതിവശാൽ ഏതാനും ദിവസം ഞാൻ പാലക്കാട്ടു താമസിച്ചിരുന്നപ്പോൾ എഴുതിയതാണു്. അടുത്ത ധനുമാസത്തിൽതന്നെ മൂർക്കോത്തു കുമാരൻ അവർകൾ തന്റെ പത്രാധിപത്യത്തിൽ തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന "മിതവാദി"യിൽ എന്റെ സമ്മതപ്രകാരം അതിനെ പ്രസിദ്ധീകരിച്ചിരുന്നു. ഉദ്ദേശം ഒരു സംവത്സരം കഴിഞ്ഞു്, ശ്രീമാൻ സി. എസ്. സുബ്രഹ്മണ്യൻ പോററി അവർകൾ എം. ഏ അതിനെ പകർത്തി ഒരു സ്വന്ത മുഖവുരയോടുകൂടി "ഭാഷാപോഷിണി"യിൽ പ്രസിദ്ധപ്പെടുത്തി. അതിനുശേഷം കവിസാർവ്വഭൌമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അതിനെ അവിടുന്നു് പ്രസിദ്ധപ്പെടുത്തിയ "പദ്യപാഠാവലി"യിലേക്കു തിരഞ്ഞെടുത്തിരുന്നു. ആ പതിപ്പുകളിൽ ആദ്യമേ കടന്നുകൂടിയ അച്ചടിപ്പിഴകളെ തുടന്നും, മററു പ്രകാരത്തിലും ചില സ്ഖലിതങ്ങളും ന്യൂനതകളും ഉണ്ടായിരുന്നതെല്ലാം ഈ സ്വന്ത പ്രസിദ്ധീകരണത്തിൽ ഞാൻ ദൃഷ്ടിവച്ചു തിരുത്തുകയും നന്നാക്കുകയും ചെയ്തിരിക്കുന്നു.

"സിംഹപ്രസവം" എന്ന രണ്ടാമത്തെ കൃതി 1084 കർക്കടകത്തിൽ തിരുവനന്തപുരം കാഴ്ചബംഗ്ലാവു തോട്ടത്തിലെ മൃഗശാലയിൽ പ്രസവിച്ച സിംഹത്തെപ്പററി കുറേ തിടുക്കത്തിൽ എഴുതി ഭാഷാപോഷിണീപ്രവർത്തകന്മാരുടെ അപേക്ഷപ്രകാരം അയച്ചുകൊടുക്കയും ആ മാസികയിൽ 1085-ചിങ്ങം, കന്നി ഈ മാസങ്ങളിലെ ഒന്നാ

യുള്ള പ്രതിയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണു്. ഇതിനേയും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് "പദ്യപാഠാവലി"യിൽ "സിംഹിയും കുട്ടികളും" എന്ന തലവാചകം നൽകി ഉദ്ധരിച്ചിട്ടുണ്ടു്. ഈ സ്വതന്ത്ര പ്രസിദ്ധീകരണത്തിൽ ഞാൻ അതിനെ ആകപ്പാടെ പരിഷ്കരിക്കയും അത്യന്താപേക്ഷിതമല്ലെന്നു തോന്നിയ അവസാനത്തെ ഒന്നു രണ്ടു പദ്യങ്ങളെ എടുത്തുകളകയും ചെയ്തിരിക്കുന്നു.

ഭാഷാസാഹിത്യലോകത്തിൽ ഇപ്പോൾതന്നെ ഒരുവിധം പ്രവേശം സിദ്ധിച്ചിട്ടുള്ള ഈ ചെറിയ കൃതികളെ ഇപ്രകാരം പ്രസിദ്ധീകരിക്കുന്നതിൽ മുഖ്യമായി എന്നെ പ്രേരിപ്പിച്ചതു് ഇവയുടെ സംപൂർണ്ണവും നിർദ്ദോഷവുമായ ഒരു പ്രത്യേകപതിപ്പിന്റെ ആവശ്യകതയാണു്. താഴ്ന്നതരം വായനക്കാരുടെ ഉപയോഗത്തിനായി സംസ്കൃതപദങ്ങളുടേയും മററും അർത്ഥം കാണിക്കുന്ന ഒരു ചെറിയ ടിപ്പണംകൂടി ഇതോടു ചേർത്തിട്ടുണ്ടു്. ഭാഷാഭിമാനികളുടെ ദയാപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഇതിനെ പുറത്തയച്ചുകൊള്ളുന്നു.

1090 കർക്കടകം 20.
തിരുവനന്തപുരം

ഗ്രന്ഥകർത്താ.

# വീണപൂവ്

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീഭൂവിലസ്ഥിര — അസംശയം — ഇന്നു നിന്റെ-
യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പിതോർത്താൽ. 1

ലാളിച്ചുപെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വച്ചു നിന്നെ,
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ ദലമർമ്മരങ്ങൾ. 2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയമൊട്ടുകളോടുചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ 3

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വമയേ തെളിവാർന്ന താര-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ. 4

ഇവ്വണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ,
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴകു, ശുദ്ധി, മൃദുത്വ,മാഭ
സാരള്യമെന്ന സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേററ
വൈരിക്കുമുമ്പുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെനോക്കി
യാരാകിലെന്തു?— മിഴിയുള്ളവർ നിന്നിരിക്കാം! 7

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ? ചിത്രമല്ല-
തില്ലാക്ഷമിഗ്ഗുണവുമേവമകത്തുതേനും. 8

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം. 9

"കാലം കുറഞ്ഞദിനമെങ്കിലുമത്യദീർഘം,
മാലേറെയെങ്കിലുമതീവമനോഭിരാമം
ചാലേ കഴിഞ്ഞരിയയൌവ്വന'മെന്നു നിന്റെ-
യീ ലോലമേനി പറയുന്നനുകമ്പനീയം 10

അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ-
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ. 11

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽവന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം. 12

"എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാ-
നെന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ"
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു? 13

ഹാ! കഷ്ട! മാദ്ധ്വിബുധകാമിതമാം ഗുണത്താ-
ലാകൃഷ്ടനായ്, അനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ! 14

ചത്തീടുമിപ്പൊഴിവനല്പവികല്പമില്ല
തത്താദൃശം വ്യസനകുണ്ഠിതമുണ്ടു കണ്ടാൽ
അത്യുഗ്രമാം തരുവിലും ബത! കല്ലിലും പോയ്
പ്രത്യക്ഷമാണു തലതല്ലുകയല്ലി ഖിന്നൻ? 15

ഒന്നോർക്കിലിങ്ങിവ വളർന്നു ദൃഢാനുരാഗ-
മന്യോന്യമാർന്നുപമയത്തിനു കാത്തിരുന്നു
വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ
ക്രന്ദിക്കയാം; കഠിനതാൻ ഭവിതവ്യതേ നീ! 16

ഇന്നല്ലയെങ്കിലയി നീ ഹൃദയം തുറന്നു
നന്ദിച്ച വണ്ടു കുസുമാന്തരലോലനായി
'എന്നെച്ചതിച്ച ശഠൻ' എന്നതു കണ്ടു നീണ്ടു
വന്നോരുമാധിയതു നിന്നെ ഹനിച്ചു പൂവേ! 17

ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ
പാപം നിനക്കു ഫലമായഴൽപൂണ്ട വണ്ടേ!
ആപത്തെഴും തൊഴിലിലോർക്കുക മുമ്പു; പശ്ചാ-
ത്താപങ്ങൾ സാഹസികനിങ്ങനെയെങ്ങുമുണ്ടാം. 18

പോകട്ടതൊക്കെ യഥവാ യുവലോകമേലു-
മേകാന്തമാം ചരിതമാരറിയുന്നു പാരിൽ?
ഏകുന്നു വാക്‌പടുവിനാർത്തി വൃഥാപവാദം,
മൂകങ്ങൾ പിന്നിവ—പഴിക്കുകിൽ ദോഷമല്ലേ? 19

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു
സാക്രൂതമാംപടി പറന്നു നഭഃസ്ഥലത്തിൽ
ശോകാന്ധനായ് കുസുമചേതനപോയമാർഗ്ഗ-
മേകാന്തഗന്ധ, മിതു പിന്തുടരുന്നതല്ലീ? 20

ഹാ! പാപമോമൽമലരേ ബത! നിന്റെ മേലും
ക്ഷേപിച്ചിതേ! കരുണയററ കരം കൃതാന്തൻ!
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ.
വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും? 21

തെററെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെററല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മററെന്തുരപ്പൂ? ജവമീ നവദീപമെണ്ണ
വററിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി. 22

ഞെട്ടററു നീ മുകളിൽനിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം
വിട്ടാശു ഭുവിലടിയുന്നൊരു ജീവനെന്നോ. 23

അത്യന്തകോമളതയാർന്നൊരു നിന്റെ മേനി-
യെത്തുന്നകണ്ടവനിതന്നെയധീരയായി
സദ്യഃസ്ഫുടം പുളകിതാംഗമിയന്നു പൂണ്ടോ-
രുദ്വേഗമോത്തുമുപകണ്ഠതൃണാങ്കുരങ്ങൾ. 24

അന്യൂനമാം മഹിമതങ്ങിയൊരാത്മസത്വ-
മെന്ന്യേ നിലത്തു ഗതമൌക്തികശുക്തിപോൽ നീ
സന്നാഭമിങ്ങനെ കിടക്കുകിലും ചുഴന്നു
മിന്നുന്നു നിൻ പരിധിയിപ്പൊഴുമെന്നു തോന്നും. 25

ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം 26

താരങ്ങൾ നിൻ പതനമോർത്തു തപിച്ചഹോ ക-
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു;
നേരായി നീഡതരുവിട്ടു നിലത്തു നിന്റെ
ചാരത്തു വീണു ചടകങ്ങൾ പുലമ്പിടുന്നു. 27

ആരോമലാം ഗുണഗണങ്ങളിണങ്ങി, ദോഷ-
മോരാതുപദ്രവവുമൊന്നിനു ചെയ്തിടാതെ,
പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര-
മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ? 28

കണ്ടീവിപത്തഹഹ! കല്ലലിയുന്നിതാടൽ-
കൊണ്ടാശു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി-
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു. 29

എന്തിന്നലിഞ്ഞു ഗുണമോരണി വച്ചു നിന്മേ-
ലെന്തിന്നതാശു വിധിയേവമപാകരിച്ചു?
ചിന്തിപ്പതാരരിയസൃഷ്ടിരഹസ്യ? മാവ-
തെന്തുള്ളൂ?—ഹാ! ഗുണികളൂഴിയിൽ നീണ്ടുവാഴാ. 30

സാധിച്ചു വേഗമഥവാ നിജജന്മകൃത്യം
സാധിഷ്ഠർ പോട്ട്-ഇഹ സദാ നിശി പാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്കതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം? 31

എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നത്ര നിൻ കരുണമായ കിടപ്പുകണ്ടും
ഒന്നല്ലി നാമയി സഹോദരരല്ലി? പൂവേ!
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം? 32

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-
ന്നൊന്നായ് തുടർന്നു വരുമാവഴി ഞങ്ങളെല്ലാം;
ഒന്നിന്നുമില്ല നില ഉന്നതമായ കുന്നു-
മെന്നല്ല യാഴിയുമൊരിക്കൽ നശിക്കുമോർത്താൽ. 33

അംബോജബന്ധുവിത! നിന്നവശിഷ്ടകാന്തി-
സമ്പത്തെടുപ്പതിന്നണഞ്ഞു കരങ്ങൾ നീട്ടി
ജൃംഭിച്ച സൌരഭമിതാ കവരുന്നു വായു
സമ്പൂർണ്ണമായഹഹ! നിന്നുടെ ദായഭാഗം. 34

"ഉൽപന്നമായതു നശിക്കും, അണുക്കൾ നിൽക്കും,
ഉൽപന്നനാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും,
ഉൽപത്തി കർമ്മഗതിപോലെ വരും ജഗത്തിൽ"
കല്പിച്ചിടുന്നിവിടെ യിങ്ങനെ യാഗമങ്ങൾ. 35

വേദിക്കകൊണ്ടു ഫലമില്ല നമുക്കതല്ല
മോദത്തിനും ഭുവി വിപത്തുവരാം ചിലപ്പോൾ;
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-
ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ. 36

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-
ലുൽപന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സൽപുഷ്പമേ! യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ. 37

സ്വഫുല്ലശോഭമതുകണ്ടു കുതൂഹലം പൂ-
ണ്ടമ്പോടടുക്കുമളിവേണികൾഭൂഷയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലേകി, രാഗ-
സമ്പത്തെയും സമധികം സുകൃതം ലഭിക്കാം. 38

അല്ലെങ്കിലാ ശ്രുതിയെഴുന്നമഹർഷിമാർക്കു
ഫുല്ലപ്രകാശമിയലും ബലിപുഷ്പമായി
സ്വർല്ലോകവും സകലസംഗമവും കടന്നു
ചെല്ലാം നിനക്കു 'തമസഃപരമാം' പദത്തിൽ. 39

ഹാ! ശാന്തിയൗപനിഷദോക്തികൾതന്നെ നൽകും,
ക്ലേശിപ്പതാത്മപരിപീഡന മജ്ഞയോഗ്യം;
ആശാഭരം ശ്രുതിയിൽ വയ്ക്കുക നമ്മൾ, പിന്നെ-
യീശാജ്ഞപോലെ വരുമൊക്കെയുമോർക്ക പൂവേ! 40

കണ്ണേ മടങ്ങുക, കരിഞ്ഞു മലിഞ്ഞു മാഞ്ഞു
മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വു കിനാവു, കഷ്ടം! 41

ശുഭം.

# ഒരു സിംഹപ്രസവം.

കരളിൽ കനിവാർന്നിടുന്നതേ
ഖരകണ്ഠീരവിതാനുമീവിധം!
ഒരുജന്തുവിനും സ്വപുത്രരിൽ
പുരുഷത്വം വിധി നൽകിയില്ലതാൻ. 1

അലിവാർന്നു കിടന്നൊരാട്ടുപോൽ
മുലനൽകുന്നിതു കുട്ടികൾക്കിവൾ
തല ചെന്നു പിടിച്ചിഴയ്ക്കിലും
കലരാ ക്രൂദ്ധതയെന്നു തോന്നിടും. 2

പരതന്ത്രതയോർത്തു കണ്ണുനീ-
രരിയോരുണ്ണികൾ തന്നെ നോക്കി നീ
ചൊരിയായ്ക, മൃഗേന്ദ്രവല്ലഭേ!
വരുമാപത്തുകളാർക്കുമൂഴിയിൽ, 3

പ്രണയത്തൊടു പാർത്തിവൾക്കൊരാൾ
തുണതാനെന്നു കുടുംബചിന്തയാൽ
ഇണയാം ഹരി മന്ദവേഗനാ-
യണയത്താഞ്ഞു നടന്നിടുന്നതേ. 4

കുതുകത്തൊടു, 'പെററു സിംഹി'യെ-
ന്നതുകേട്ടേറെ വരുന്നിതാളുകൾ
ഇതുകൊണ്ടൊരിളക്കമില്ലിവ-
നഥവാ—സിംഹമറിഞ്ഞിടാ ഭയം. 5

പലതും ബത! ബന്ധനസ്ഥനായ്
തലകാഞ്ഞോർത്തു നിരാശനായുടൻ
നിലവിട്ടെഴുമൊററമേഘമൊ-
ത്തലയുന്നങ്ങനെതന്നെനിന്നിവൻ 6

സഹസാ, സമയം കുറിക്കുവാ-
നിഹ പീരങ്കിയൊഴിച്ചപോൽ ഹരേ,
മഹിതം, തുടരാർന്നു ഗർജ്ജിതം
ഗഹനത്തിൽ ഗജഗർഭഭേദനം. 7

അഥവാ, നരനാഥനോടിവൻ
കഥ കോപോഗ്രരവം കഥിക്കയാം
കൃതമാമഹിതം സഹിക്കുമോ
ധൃതവീര്യൻ പരതന്ത്രനെങ്കിലും? 8

ഒരു ഹേതുവുമെന്നി, കേവലം
നരലോകത്തിനു കൌതുകത്തിനായ്
വരുവിച്ചു തടഞ്ഞുതേ നൃപൻ
ഹരിയേ—ഹാ മൃഗചക്രവർത്തിയെ! 9

കരുതായ്കിതവജ്ഞതയായ് ഹരേ!
നരപാലൻ നൃപധർമ്മകോവിദൻ;
പരമിങ്ങനെ വെച്ചുപോററുമ-
ത്തിരുമേനിക്കു കൃതജ്ഞനാക നീ. 10

ഒരുവന്യനിസ്സർഗ്ഗനായകൻ
ധരണീപാലനു മാന്യനാം ഭവാൻ
പരതന്ത്രരെ ഹിംസചെയ്യതോ
നരരാം ഞങ്ങൾടെ നീതിയല്ല കേൾ, 11

നരഭോജികളുണ്ടു നീഗ്രരാം-
നര 'രാഫ്രിക്ക' യിലോർത്തിടാം ഭവാൻ
നരകാഷ്ഠനൊരുത്തനില്ലയ-
ത്തരമീ ഞങ്ങൾടെ പുണ്യഭൂമിയിൽ. 12

അതുമല്ലിതു 'ധർമ്മരാജ്യ'മെ-
ന്നധികം വിശ്രുതവഞ്ചിമണ്ഡലം
അതിലും ബത! മൂലഭൂമിപൻ
പ്രഥിതൻ പാരിലുദാരചര്യയാൽ. 13

രുചിരം ഗൃഹമുണ്ടു, ഭോജ്യമു-
ണ്ടുചിതംപോൽ—കുറവില്ലയൊന്നിനും
സുചിരം മരുവുന്നു കൂടവേ
സചിവന്മാർ നരിമുഖ്യരും സ്വയം. 14

സ്ഫുടസൌഖ്യമതല്ലടുക്കലെൻ-
പുടയോളുണ്ടിവൾ നിൻപുരന്ധ്രിയാൾ
ദൃഢമിന്നിവ രാജ്യകാര്യമായ്
തടവിൽ പാർപ്പവനന്യരേകിടാ. 15

ശരി, യെന്മൊഴി സംവദിച്ചുതാൻ
ഹരിയെന്നല്ല നിവാസശയ്യയിൽ
വിരമിച്ചൊരു യുദ്ധനൌവുപോൽ
തിരിയെച്ചെന്നുകിടപ്പുമായിവൻ. 16

ഒരു രോമമനങ്ങിടാതെ സു-
സ്ഥിരമാം കൃത്രിമസത്വരൂപമോ?
തിരയറ്റൊരു സിന്ധുവോ? മഹീ-
ധരമോ? യെന്തൊരു ജന്തുവോയിവൻ? 17

പടുരാഗമിവന്റെയുള്ളു മൻ-
പൊടു ശൃംഗാരരസാർദ്രമാക്കുകിൽ,
സ്ഫുടചന്ദ്രികയെന്തലിച്ചിടാ
കടുവജ്രം, ശശികാന്തമെന്നപോൽ? 18

അതുമല്ലിഹ ബന്ധനത്തിലും
ബത! കാന്താപരനായിതേയിവൻ
അഥവാ കുലസൃഷ്ടിചെയ്യുമാ
വിധിഹസ്തം തടയുന്നതാരുവാൻ? 19

കൊട്ടുതാം ഹരിധൈര്യവൃത്തിയെ–
ത്തടവാനാൾ മൃഗസാർവ്വഭൗമി! നീ
സ്ഫുടമായസമോതശക്തിയെ-
ക്കടലിൽ തങ്ങിയ കാന്തഭ്രമിപോൽ. 20

ഒഴുകും പ്രിയമാർന്നിവന്റെമേൽ–
വഴിയും നിന്റെ കടാക്ഷഭംഗിയെ
മൊഴിവാൻ കവികൾക്കിവന്നെഴും
മിഴിവേണം — കവിയാകണം ഹരി. 21

വിലസുന്നിതു നിന്റെ മുമ്പിലി-
ക്കലളീപദദ്വയവും മൃഗേശ്വരീ!
മുലയുണ്ടു കളിച്ചുമോടിയും
മലമുൻപിൽ ചെറുനിർഝരങ്ങൾപോൽ. 22

കരകേസരഭാരശോഭിയായ്
വരുമക്കന്നെതിരേ കുതിച്ചു ഹാ,
വിരയുന്നു കിടാങ്ങളുള്ളനാം
ഹരിയെന്നോർത്തുടനങ്കമേറുവാൻ! 23

ഒരു ചിന്തയുമെന്നിയുല്ലസി–
ച്ചുരുളീട്ടും ചെറുശാബകങ്ങളെ!
ഉരുചാപലഹേതുവെങ്കിലും
വരമീ ശൈശവകാലമൊന്നുതാൻ 24

സ്ഫുടമോദമൊടമ്മവെച്ചിടും
നടുവേതാന്നഴലച്ഛനമ്മമാർ
തടവാമറികില്ലവർക്കെഴും
നെടുവീർപ്പിൻപൊരുൾ നിങ്ങളേതുമേ. 25

അഥവാ — സ്ഥിരമല്ലിതൊന്നുമി-
ക്ഷിതിയിൽ തൈയഥ ശാഖിയാകണം
അതുപിൻ മുതുവൃക്ഷമാകണം
മുതുവൃക്ഷം ബത! ദാരുവാകണം. 26

ധൃതജീവിതയാത്രയിങ്ങതെ-
ന്നതുകൊണ്ടോർത്തയി, സജ്ജരാകുവിൻ!
കൃതബുദ്ധികൾ കാത്തുകൊണ്ടിടും
സ്ഥിതിമാറീടിലുമാത്മഗൗരവം. 27

പൃഥുവീര്യമെഴും ഭവൽക്കുലം
പ്രഥിതം പാരിൽ മൃഗേന്ദ്രപുത്രരേ!
അഥ ചൊല്ലിടുമാത്മഭാഷയിൽ
കഥയീ, നിങ്ങളുടെയമ്മയാണിതാൻ. 28

ജനവാതിലിലൂടെ കാട്ടിയീ-
യനഘോദ്യാനമസാരമെങ്കിലും
ജനയിത്രിയുദാഹരിച്ചിടാം
ഘനഗംഭീരമഹാടവീതടം. 29

കരിവാർമുകിൽ മൂളി വാനിൽ വൻ-
വരിയായ് പൊങ്ങിവരുന്ന കണ്ടിവർ
ഹരിഗർജ്ജിതകന്ദരങ്ങളാം
ഗിരിവൃന്ദങ്ങ’ടെ മോടി കാട്ടിടാം. 30

കുലയാനകൾതന്നെ ബാല്യമാം
നിലയിൽത്താൻ ചിലർ തച്ചുകൊന്നതും,
വിലഭിത്തി രണോഗ്രനാദമാ-
ററൊലിയേററാശു തകൻറുവീണതും, 31

മലയും ഗുഹയും മൃഗങ്ങൾതൻ-
കുലവും കാടുമടക്കി വാണതും,
പലതമ്മ പറഞ്ഞുകേട്ടിടാം
കുലകൂടസ്ഥപരാക്രമക്രമം. 32

(യുഗ്മകം)

അഥ ലോഭനമായിടുന്നൊര-
ക്കഥകേട്ടക്ഷമഭാവമേന്തൊലാ
വ്യഥയേ ശതഭൃതിതൻ മനോ-
രഥമേകീടു വിപന്നലോകരിൽ 33

കഴിയാത്തതു കാമിയാതെതാൻ
കഴിവിൻ, നിങ്ങൾ വളൻറു യോഗ്യരായ്
ഒഴിയുന്നൊരു പൈതൃകാസനം
വഴിയേ പിന്നെയലങ്കരിക്കുവിൻ! 34

നിനയാതഴൽ നിൻകുടുംബമൊ-
ത്തനപായം മൃഗരാജ, വാഴ്ക നീ
ജനമൊക്കെയുമസ്വതന്ത്രരാം;
ദിനകൃത്യം തടയുന്നു—പോട്ടെ ഞാൻ. 35

അതുമല്ലയി നൽകിടുന്നു നിൻ-
സ്ഥിതിയുൽക്കണ്ഠ യെനിക്കു സിംഹമേ!
ഇതു കണ്ടു ശരീരപഞ്ജര-
സ്ഥിതനാം ജീവനെയോർത്തിടുന്നു ഞാൻ. 36

തിരിയുന്നു 'കരുക്ക'ളായ് ചരാ-
ചരമിങ്ങാരുടെ നിത്യലീലയിൽ
അരുളട്ടെ നമുക്കവൻ ശുഭം
പരമേശൻ ഭവമുക്തിദായകൻ. 37

ശുഭം.

# വീണപൂവു്.

---

## ടിപ്പണം.

1. ഹാ=കഷ്ടം. അധികതുംഗപദം=ഏറ്റവും ഉയൎന്ന സ്ഥാനം. അയേ=എടോ. ശ്രീ=ശോഭ. (ഭാഗ്യം എന്നും) ഭൂ=ഭൂമി. അസ്ഥിരം=നിലനിൽക്കാത്തതു്. അസംശയം=തീൎച്ചയായും. ഭൂതി=ഭാഗ്യം (ഭംഗിഎന്നും.)

2. ലാളിച്ചു=ഓമനിച്ചു. ലത=വള്ളി. ശൈശവം=കുട്ടിക്കാലം. പാലിച്ചു=രക്ഷിച്ചു. പല്ലവപുടങ്ങളിൽ=ഇലകളുടെ അകത്തു്. ആലോലവായു=ഇളങ്കാറ്റു്. താരാട്ടാലാപം=താരാട്ടുപാട്ടു, മലരേ=പൂവേ. ദലമൎമ്മരങ്ങൾ=ഇലകൾ ഇളകിയുണ്ടാകുന്ന ശബ്ദങ്ങൾ.

3. അലം=മതിയാകുംവണ്ണം. ബാലാതപം=ഇളംവെയിൽ. ആടൽ=ദുഃഖം. ബാലത്വം=കുട്ടിക്കാലം.

4. ഗാനം=പാട്ടു്. താരാജാലം=നക്ഷത്രക്കൂട്ടം. ഉന്മുഖത=താൽപര്യം. (മേല്പോട്ടുനോക്കിയുള്ള നിലയെന്നും;

5. അംഗം=ശരീരം. ആവിഷ്കരിക്ക=വെളിപ്പെടുത്തുക. മോഹനങ്ങൾ=മനോഹരങ്ങൾ. കാന്തി=ശോഭ.

6. ആരോമൽ=മനോഹരം. ശുദ്ധി=വെടിപ്പു്. മൃദുത്വം=സൌമ്യത. ആഭ=കാന്തി. സാരള്യം=കളങ്കമില്ലായ്മ. സുകുമാരഗുണം=കോമളസ്വഭാവം. പാരു്=ലോകം. മെയ്യു്=ശരീരം. നവ്യതാരുണ്യം=യൌവനാരംഭം.

7. വൈരാഗ്യം=ലോകസുഖത്തിൽ വെറുപ്പു്. വൈദികൻ=വേദാന്തി. വൈരി=ശത്രു. ഭീരു=പേടിയുള്ളവൻ.

9. ചേതോഹരങ്ങൾ=മനോഹരങ്ങൾ. സമജാതികൾ=ഒരേ ഇനത്തിലുള്ളവ. ജാതാനുരാഗം=അനുരാഗത്തോടുകൂടുംവണ്ണം. വേദ്യം=അറിയത്തക്കതു്. വിശേഷസുഭഗത്വം=പ്രത്യേകശോഭ

10. അൎത്ഥദീൎഘം=കാഴ്ചകൾകൊണ്ടു് നീണ്ടതായി തോന്നുന്നതു്. (സംഭവങ്ങൾ നിറഞ്ഞതു്) അനുകമ്പനീയം=ദയതോന്നിക്കുന്നതു്.

11. ചിത്രശലഭങ്ങൾ=പൂമ്പാററകൾ. ഭൃംഗരാജൻ=ശ്രേഷ്ഠനായ വണ്ട്.

12. ഭ്രമരവര്യൻ=ശ്രേഷ്ഠനായ വണ്ട്.

13. കാമുകർ=കാമിച്ചുവന്നവർ.

14. വിബുധകാമിതം=ദേവന്മാർക്കിഷ്ടമായതു്. (വിദ്വാന്മാർക്കിഷ്ടമായതു് എന്നും) ആകൃഷ്ടൻ=വശീകരിക്കപ്പെട്ടവൻ. ധന്യൻ=പുണ്യവാൻ, കൃതാർത്ഥൻ. നിത്യശോകാർത്തൻ=എന്നും ദുഃഖിച്ചു കഷ്ടപ്പെടുന്നവൻ.

15. തത്താദൃശം=അത്രയുള്ളതു്. വ്യസനകുണ്ഠിതം=വ്യസനത്താലുള്ള മനംമടുപ്പ്. അത്യുഗ്രം=ഏററവും വലിയതു്. (കനവും പൊക്കവും ഏറിയതു്.) ബത=കഷ്ടം. പ്രത്യക്ഷം=സ്പഷ്ടമായിട്ടു്. ഖിന്നൻ=ഖേദിച്ചവൻ.

16. ദൃഢാനുരാഗം=ഉറച്ചസ്നേഹം, ഉപയമം=വിവാഹം. അപായം=നാശം. അളി=വണ്ട്. ക്രന്ദിക്ക=കരയുക. കഠിന=ദയയില്ലാത്തതു്. ഭവിതവ്യത=നിയതി, വിധി.

17. ഹൃദയം=മനസ്സ്. (ഉള്ള് എന്നു്) കുസുമാന്തരലോലൻ=മറെറാരുപൂവിനെ കാംക്ഷിക്കുന്നവൻ. ശഠൻ=അറിയാതെ അപ്രിയം പ്രവർത്തിക്കുന്നവൻ, ദുഷ്ടൻ. ഹനിച്ചു=ജീവഹാനിവരുത്തി.

18. നിഗമനം=ഊഹം, അനുമാനം. സാഹസികൻ=പൂർവ്വാലോചനകൂടാതെ പ്രവർത്തിക്കുന്നവൻ.

19. യുവലോകം=ചെറുപ്പക്കാർ. ഏകാന്തം=രഹസ്യം. വാക്പടു=വാക്സാമർത്ഥ്യമുള്ളവൻ, വാചാലൻ. വൃഥാപവാദം=കാരണമില്ലാത്ത ദുഷ്കീർത്തി. മൂകങ്ങൾ=മിണ്ടാൻകഴിയാത്തവ. ദോഷം=കഷ്ടം, പാപം.

20. സാക്രൂതം=അഭിപ്രായത്തോടുകൂടെ. (മനസ്സിൽ പ്രത്യേകം കരുതികൊണ്ടു്) നഭഃസ്ഥലം=ആകാശം. ശോകാന്ധം=ദുഃഖത്താൽ വിവേകം നശിച്ചതു്. കുസുമചേതന=പുഷ്പത്തിന്റെ ജീവൻ. ഏകാന്തഗന്ധം=അത്യന്തസൌരഭ്യമുള്ളതു്.

21. ക്ഷേപിച്ചു=പ്രയോഗിച്ചു. കൃതാന്തൻ=യമൻ, കാലൻ. ഹനനം=കൊല. വ്യാപന്നം=കൊല്ലപ്പെട്ടതു്. കപോതം=മാടപ്രാവു്.

22. ദേഹസുഷമാപ്രസരം=ശരീരകാന്തിയുടെ വ്യാപ്തി.

23. നിശാന്തവായു=വെളുപ്പാൻകാലത്തടിക്കുന്ന കാററ്. താരം=നക്ഷത്രം. ദിവ്യഭോഗം=സ്വർഗ്ഗാനുഭവം.

24. അധീര=ഭീരു. സഭ്യഃ=പെട്ടെന്നു്, പൊടുന്നനവേ. സംഹൃഷ്ടം=സ്പൃഷ്ടം. പുളകിതാംഗം=കോൾമയിർക്കൊണ്ട ശരീരം. ഉദ്വേഗം=ഭയചാപല്യം. ഉപകണ്ഠതൃണാങ്കുരങ്ങൾ=സമീപത്തുള്ള പുൽക്കുരുന്നുകൾ.

25. അന്യൂനം=അധികം. ആത്മസത്വം=ജീവചൈതന്യം. ഗതമൌക്തികശുക്തി=മുത്തുപോയ മുത്തുച്ചിപ്പി. സന്നാഭം=കാന്തിപോയതു്. പരിധി=പരിവേഷം, തേജോവലയം.

26. ലൂതകൾ=എട്ടുകാലികൾ. ചരമാവരണം=പ്രേതത്തിന്മേൽ ഇടുന്ന മൂടുപടം. ദുകൂലം=വെള്ളപ്പട്ടു്. സ്നേഹാർദ്ര=സ്നേഹത്താൽ അലിവോടുകൂടിയതു്. ഉഷസ്സു്=പ്രഭാതം. നീഹാരശീകരമനോഹരം=മഞ്ഞുതുള്ളികൾപോലെ മനോഹരമായിരിക്കുന്നതു്. അന്ത്യഹാരം=പ്രേതത്തിലണിയുന്ന മുത്തുമാല. (മഞ്ഞുതുള്ളിയാകുന്ന മനോഹരമായ മുത്തുമാല എന്നു താല്പര്യം.)

27. താരങ്ങൾ=നക്ഷത്രങ്ങൾ. പതനം=വീഴ്ച. ഹിമകണങ്ങൾ=മഞ്ഞുതുള്ളികൾ. നീഡതരു=കൂടുകെട്ടിയിരിക്കുന്ന മരം. ചടകങ്ങൾ=കുരുവികൾ.

28. പരാർത്ഥം=പരോപകാരത്തിനായി.

29. വിപത്തു്=ആപത്തു്. ദിങ്മുഖം=ദിക്കുകളുടെ മുഖം. തണ്ടാർസഖൻ=സൂര്യൻ. ഗിരിതടം=മലയുടെ ചരിവു്. വിവർണ്ണൻ=കാന്തികുറഞ്ഞവൻ. പവനൻ=വായു, കാററു്.

30. ഗുണധോരണി=ഗുണപരമ്പര, അനേകഗുണങ്ങൾ. അപാകരിച്ചു=നശിപ്പിച്ചു. സൃഷ്ടിരഹസ്യം=സൃഷ്ടിതത്വം. ഗുണികൾ=സദ്ഗുണങ്ങളുള്ളവർ.

31. നിജജന്മകൃത്യം=തന്റെ ജന്മത്തിൽ ചെയ്യേണ്ട കാര്യം: സാധിഷ്ഠർ=ഏററവും ഉത്തമജനങ്ങൾ. നിശി=രാത്രിയിൽ. പാന്ഥപാദം=വഴിപോക്കരുടെ കാല്. ബാധിച്ചു=തട്ടിത്തടഞ്ഞു. രൂക്ഷശില=കഠിനമായ പാറ. മേഘജ്യോതിസ്സ്=മിന്നൽപിണർ, ക്ഷണികജീവിതം=ഒരു ക്ഷണം മാത്രമുള്ള ജീവിതം. കാമ്യം=ആഗ്രഹിക്കത്തക്കതു്.

32. വിയോഗം=വേർപാടു്. അത്ര=ഇവിടെ. കരുണം=ദയതോന്നിക്കുന്നതു്. രചിച്ചതു്=സൃഷ്ടിച്ചതു്.

34. അംഭോജബന്ധു=സൂൎയ്യൻ. ജൃംഭിച്ച=പൊങ്ങിവന്ന, സൌരഭം=സുഗന്ധം. ദായഭാഗം=അവകാശികൾ സ്വത്തുക്കളെ ഭാഗിച്ചെടുക്കുന്നതു്.

35. ഉല്പന്നമായതു്=ഉണ്ടായതു്. അണുക്കൾ=പരമാണുക്കൾ. നില്ക്കും=ശേഷിക്കും. ദേഹി=ആത്മാവു്. ഉല്പത്തി=ജന്മം. കൎമ്മഗതി=പുണ്യപാപങ്ങളുടെ അവസ്ഥ. ജഗത്തു്=ലോകം. ആഗമങ്ങൾ=ശാസ്ത്രങ്ങൾ.

36. ഭുവി=ഭൂമിയിൽ. വിപത്തു്=ആപത്തു്. ചൈതന്യം=ആത്മാവു്. ജഡം=ദേഹം, ജഡപദാൎത്ഥം.

37. പശ്ചിമാംബുധി=പടിഞ്ഞാറേക്കടൽ. ആരാൽ=ദൂരത്തിൽ. ഉല്പന്നശോഭ=പുതിയ ശോഭയോടുകൂടി. ഉദയാദ്രി=കിഴക്കുദിക്കിലുള്ള പൎവ്വതം. സുമേരുവിന്മേൽ=മേരുപൎവ്വതത്തിന്മേലുള്ള സ്വൎഗ്ഗലോകത്തു്. കല്പദ്രുമം=കല്പകവൃക്ഷം.

38. സംഫുല്ലശോഭം=വൎദ്ധിച്ച ശോഭയോടുകൂടീട്ടു്. കുതൂഹലം=സന്തോഷം. അളിവേണികൾ=വണ്ടുപോലെ കറുത്ത തലമുടിയുള്ളവർ. (സുന്ദരികളായ ദേവസ്ത്രീകൾ) ഇമ്പം=ആനന്ദം. രാഗസമ്പത്തു്=അനുരാഗാധിക്യം. സമധികം=ഏററവും അധികം. ദ്യുതി=തേജസ്സു്. അമരൎഷിമാർ=ദേവൎഷിമാർ. ഫുല്ലപ്രകാശം=പൂൎണ്ണമായ ശോഭ. ബലിപുഷ്പം=പൂജയ്ക്കായുള്ള പൂവു്. സ്വർല്ലോകം=സ്വൎഗ്ഗലോകം. സകലസംഗമം=എല്ലാപ്രകാരത്തിലുമുള്ള ബന്ധം. തമസ്സുപരം=അജ്ഞാനാന്ധകാരത്തിന്നപ്പുറമുള്ളതു്. പദം=സ്ഥാനം.

40. ശാന്തി=സമാധാനം, ആശ്വാസം. ഔപനിഷദോക്തികൾ=വേദാന്തശാസ്ത്രങ്ങൾ. ആത്മപരിപീഡനം=ആത്മാവിനെ (മനസ്സിനെ) സ്വയം ഉപദ്രവിക്കുന്നതു്. അജ്ഞതയോഗ്യം=അവിവേകികൾക്കൊത്തതു്. ആശാഭരം=ദൃഢമായ വിശ്വാസം. ശ്രുതി=മതശാസ്ത്രം.

# സിംഹപ്രസവം.

---

## ടിപ്പണം.

1. ഖരകണ്ഠീരവി=ക്രൂരയായ സിംഹി. പരുഷത്വം=ക്രൂരത.

2. ക്രുദ്ധത=കോപം.

3. പരതന്ത്രത=ദാസ്യം, ബന്ധനം,

6. നിരംശൻ=ബുദ്ധിക്ഷയത്തോടുകൂടിയവൻ.

7. സാഹസം=പെട്ടെന്നു്. മഹിതം=ശ്രേഷ്ഠം. ഗർജ്ജിതം=അലറൽ. ഗഹനം=കൊടുംകാടു്. ഗജഗർഭഭേദനം=ആനയുടെ ഗർഭത്തെ അലസിപ്പിക്കുന്നതു്.

8 അഥവാ=അല്ലെങ്കിൽ. നരനാഥൻ=മഹാരാജാവു്. കോപോഗ്രരവം=കോപത്താൽ അത്യുച്ചമായ ശബ്ദത്തോടുകൂടെ. കൃതം=ചെയ്തതു്. അഹിതം=അപ്രിയം. ധൃതവീര്യൻ=ശക്തിമാൻ പരാക്രമി. പരതന്ത്രൻ=അന്യാധീനപ്പെട്ടിരിക്കുന്നവൻ.

9. കൌതുകം=നേരംപോക്കു്. ഹരി=സിംഹം. മൃഗചക്രവർത്തി=മൃഗങ്ങളുടെ രാജാധിരാജൻ.

10. അവജ്ഞ=അവമാനം. നരപാലൻ=മഹാരാജാവു്. നൃപധർമ്മകോവിദൻ=രാജധർമ്മത്തെ നല്ലവണ്ണം അറിയുന്ന ആൾ.

11. വർഗ്ഗനിസർഗ്ഗനായകൻ=ജാതിയുടെ ജനനാലുള്ള നായകൻ. ധരണീപാലൻ=മഹാരാജാവു്. പരതന്ത്രർ=കീഴ്പ്പെട്ടവർ, തന്റെ കീഴിലുള്ളവർ.

12. നരഭോജികൾ=മനുഷ്യരെ ഭക്ഷിക്കുന്നവർ. നീചർ=അപരിഷ്കൃതന്മാർ. നരകാർഹൻ=നരകവാസയോഗ്യൻ. പുണ്യഭൂമി=ഭാരതഖണ്ഡം.

13. വിശ്രുതം=കീർത്തിപ്പെട്ട. വഞ്ചിമണ്ഡലം=തിരുവിതാംകൂർ. മൂലഭൂമിപൻ=മൂലംതിരുനാൾ മഹാരാജാവു്. പ്രഥിതൻ=പ്രസിദ്ധൻ. ഉദാരചര്യ=സൽപ്രവൃത്തി.

14. രുചിരം=മനോഹരം. ഭോജ്യം=ഭക്ഷണം. സുചിരം=വളരെനാളായി. സചിവന്മാർ=മന്ത്രിമാർ. നരിമുഖ്യർ=കടുവാതുടങ്ങിയുള്ളവർ.

15. സ്വച്ഛസൌഖ്യം=പ്രത്യക്ഷത്തിൽ സുഖമാകുംവണ്ണം. പുരന്ധ്രി=ഭാര്യ. രാജ്യകാര്യം=സർക്കാർകാര്യം. നിവാസശയ്യ=കൂട്ടിനുള്ളിലുള്ള കട്ടിൽ. വിരമിക്ക=പിൻവലിക്ക. യുദ്ധനൌവ്=പടക്കപ്പൽ.

17. കൃത്രിമസത്വരൂപം=പണിതുവച്ചിരിക്കുന്ന മൃഗത്തിന്റെ പ്രതിമ. സിന്ധു=സമുദ്രം. മഹീധരം=പർവതം.

18. പടുരാഗം=ശക്തിയേറിയ അനുരാഗം. ശൃംഗാരരസാർദ്രം=ശൃംഗാരരസത്തിൽ കനിഞ്ഞതു്. സ്ഫുടചന്ദ്രിക=തെളിഞ്ഞനിലാവു്. കടുവജ്രം=കഠിനമായ വൈരക്കല്ലു്. ശശികാന്തം=ചന്ദ്രകാന്തക്കല്ലു്.

19. കാന്താപരൻ=ഭാര്യയിൽ ആസക്തിയുള്ളവൻ.

20. ഹരിധൈര്യവൃത്തി=സിംഹത്തിന്റെ മനോധൈര്യത്തിന്റെ ഗതി. മൃഗസാർവ്വഭൌമി=മൃഗങ്ങളുടെ ചക്രവർത്തിനി, സിംഹി. ആയസപോതശക്തി=ഇരുമ്പുകപ്പലിന്റെ ഗതിവേഗം. കാന്തഭൂമി=സൂചികാന്തമുള്ള പ്രദേശം.

21. കുലദീപദ്വയം=വംശത്തിന്റെ കീർത്തിയെ പുലർത്തുന്ന രണ്ടു കുട്ടികൾ. നിർജ്ഝരങ്ങൾ=അരുവികൾ.

23. കരകേസരഭാരശോഭി=കിരണങ്ങളാകുന്ന ചിടകളെക്കൊണ്ടു ശോഭിക്കുന്ന. അർക്കൻ=സൂര്യൻ. ഹരി=സിംഹം.

24. ശാബകങ്ങൾ=കുട്ടികൾ. ഉരുചാപലഹേതു=പല ചാപലകൃത്യങ്ങൾക്കും കാരണമായിരിക്കുന്നതു്. വരം=ശ്രേഷ്ഠം. ശൈശവകാലം=കുട്ടിക്കാലം.

26. ക്ഷിതി=ഭൂമി. ശാഖി=കവരങ്ങളോടുകൂടിയ വൃക്ഷം. ദാരു=വിറകു്.

27. ദ്രുതജീവിതയാത്ര=ശീഘ്രമായ ജീവിതയാത്ര. സജ്ജർ=സന്നദ്ധർ. കൃതബുദ്ധികൾ=കരുതലോടുകൂടിയിരിക്കുന്നവർ. ആത്മഗൌരവം=സ്വന്തപൌരുഷം.

28. പൃഥുവീര്യം=വലിയ പരാക്രമം. ഭവൽകുലം=നിങ്ങളുടെ വംശം, തറവാടു്. പ്രഥിതം=പ്രസിദ്ധം. ആത്മഭാഷ=സ്വന്തം ഭാഷ.

29. അനവദ്യോദ്യാനം=നിർദ്ദോഷമായ (ഭയങ്കരമല്ലാത്ത) പൂങ്കാവു്. അസാരം=സാരമില്ലാത്തതു്. ജനയിത്രി=അമ്മ ഉദാഹരിച്ചിടാം=ദൃഷ്ടാന്തമായി പറയാം. ഘനഗംഭീരമഹാടവീതടം=വൃക്ഷങ്ങൾ തിങ്ങി ഭയങ്കരമായിരിക്കുന്ന കൊടുങ്കാടു്.

30. ഹരിഗർജ്ജിതകന്ദരങ്ങൾ=സിംഹം അലറുന്ന ഗുഹകളോടു കൂടിയ. ഗിരിവൃന്ദം=പർവ്വതസമൂഹം.

31. വിലഭിത്തി=ഗുഹയുടെ ചുവരു്. രണോഗ്രനാദം=യുദ്ധത്തിലുള്ള ഭയങ്കരമായ അലർച്ച. മാറ്റൊലി=പ്രതിധ്വനി.

32. കുലകൂടസ്ഥപരാക്രമക്രമം=കാരണവന്മാരുടെ ശൌര്യപരാക്രമങ്ങളുടെ രീതി.

33. ലോഭനം=ആശ വർദ്ധിപ്പിക്കുന്നതു്. അക്ഷമഭാവം=ക്ഷമയില്ലായ്മ. വ്യഥ=മനോവേദന. ഗതഭൂതി=കഴിഞ്ഞുപോയ പ്രഭാവം. മനോരഥം=ചിന്ത. വിപന്നലോകർ=ആപത്തിൽ കുടുങ്ങിയവർ.

34. പൈതൃകാസനം=പിതാവിന്റെ കിടക്ക. സിംഹാസനം=പിതാവായ സിംഹം ഇപ്പോഴും ഉപയോഗിക്കുന്ന ആസനം.

35. അനപായം=സുഖമായി (ആപത്തുകൂടാതെ) അസ്വതന്ത്രർ=സ്വാതന്ത്ര്യമില്ലാത്തവർ. ദിനകൃത്യം=ദിവസത്തിൽ ചെയ്തുതീർക്കേണ്ടും കാര്യം.

36. ഉൽകണ്ഠ=ചിന്താകുലത. ശരീരപഞ്ജരസ്ഥിതൻ=ദേഹമാകുന്ന കൂട്ടിനുള്ളിൽ ഇരിക്കുന്ന ജീവൻ, ആത്മാവു്.

37. ചരാചരം=ജംഗമസ്ഥാവരങ്ങളായ ലോകങ്ങൾ എല്ലാം. നിത്യലീല=ഒഴിവില്ലാത്ത വിളയാട്ടു്. ഭവമുക്തിദായകൻ=ദുഃഖരൂപമായ സംസാരത്തിൽനിന്നു് ആത്മാക്കൾക്കു് മോക്ഷം നൽകുന്നവൻ.

DC Library
*00004204*
T61 A13

T61
A13